# മുസ്ല്യാക്കളേ...
# എന്താണ് ചീത്ത ബിദ്അത്ത്?

ഫൈസൽ മുസ്ലിയാർ പുതുപ്പറമ്പ്

**അ**ല്ലാഹുവിന്റെ റസൂൽ(ﷺ) തന്റെ ഏതൊരു പ്രഭാഷണത്തിന്റെയും തുടക്കത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കാറുണ്ടായിരുന്ന ഒരു യാഥാർത്ഥ്യമുണ്ട് ‘‘നിങ്ങൾ മതത്തിൽ പുതുതായുണ്ടാകുന്ന കാര്യങ്ങളെ സൂക്ഷിക്കണേ, കാരണം പുതുതായി ഉണ്ടാകുന്നതെല്ലാം ബിദ്അത്താകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടാണ് (വഴികേടുകളൊക്കെ നരകത്തിലേക്കുമാണ്)’’. *(ബുഖാരി, മുസ്ലിം, അവസാന ഭാഗം. അബൂ ദാവൂദ്)*

പ്രവാചക വചനങ്ങളിൽ ധാരാളം ഉദ്ബോധനങ്ങൾ ബിദ്അത്തുകളെക്കുറിച്ച് കാണാൻ കഴിയും. ജാബിർ(ؓ) ഇബ്നു മസ്ഊദ്(ؓ) അബൂഹുറൈറ(ؓ) ഇബ്നു ഉമർ(ؓ) തുടങ്ങിയ സ്വഹാബിമാരൊക്കെ ബിദ്അത്തുകളെ കുറിച്ച് പറഞ്ഞതിന് കയ്യും കണക്കുമില്ല. കാരണം നബി(ﷺ)യിൽ നിന്ന് നേരിട്ട് മതം പഠിച്ചതിനാൽ കള്ള നാണയങ്ങൾ ഏതൊക്കെയാണെന്നും അത് തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം ആണെന്നും വളരെ കൃത്യമായി മനസ്സിലാക്കിയവരായിരുന്നു അവർ. അത്കൊണ്ടാണല്ലോ തുമ്മിയ വ്യക്തി ‘‘അൽഹംദുലില്ലാഹ്’’ എന്നതിന്റെ കൂടെ ‘‘വസ്സ്വലാത്തു വസ്സലാമു അലാ റസൂലുല്ലാഹ് ’’ എന്നുകൂടി കൂട്ടിപറഞ്ഞപ്പോഴേക്ക് ഇബ്നു ഉമർ(ؓ) അതിനെ ചോദ്യം ചെയ്തത്. അത്കൊണ്ട് തന്നെയാണല്ലോ കയ്യിൽ നൂലുകെട്ടിയ രോഗിയോട് താങ്കൾ ഈ അവസ്ഥയിൽ മരണപ്പെട്ടാൽ താങ്കൾക്ക് വിജയം ലഭ്യമല്ലെന്നും ഞാൻ താങ്കൾക്ക് വേണ്ടി നമസ്കരിക്കുകപോലുമില്ലെന്നും ഹുദൈഫ(ؓ) പ്രഖ്യാപിച്ചത്. അത്കൊണ്ട് തന്നെയാണല്ലോ നമസ്കാരശേഷം വലതു ഭാഗത്തൂടെ പിരിഞ്ഞുപോയ ആളെ വിളിച്ച്കൊണ്ട് എന്തേ താങ്കൾ ഈ ഭാഗത്തൂടെ പോരുന്നു എന്ന് ഇബ്നു ഉമർ(ؓ) ചോദിച്ചത് . (അതെ വലത് ഭാഗത്ത് കൂടെ പോകുന്നതിൽ പ്രത്യേക പുണ്യമുണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നുണ്ടെങ്കിൽ അത് ബിദ്അത്തായാൽ തിരുത്തിക്കൊടുക്കാൻ ഉദ്ദേശിച്ച് കൊണ്ടായിരുന്നു അത്). അത്കൊണ്ട് തന്നെയാണല്ലോ പള്ളിയിൽ നടക്കുന്ന ദിക്ർ ഹൽഖ ശ്രദ്ധയിൽപെട്ടപ്പോൾ അബൂമൂസൽ അശ്അരി(ؓ) ഇബ്നു മസഊദ്(ؓ)നോട് പരാതിപ്പെട്ടതും അതിരൂക്ഷമായ ശൈലിയിൽ അവരെ താക്കീതു ചെയ്തതും. ഇമാം ദാരിമി തന്റെ സുനനിലും ഇമാം നവവിയുടെ ഉസ്താദായ ഇമാം അബൂശാമ തന്റെ കിതാബുൽ ബാഇസിലും ഇത് ഉദ്ധരിച്ചിട്ടുണ്ട്.

നബി(ﷺ)യുടെ ഭാര്യ വെള്ളിയാഴ്ച നോമ്പെടുത്തപ്പോൾ അത് മുറിക്കാൻ ആവശ്യപ്പെട്ടതും പ്രവാചകന്റെ ആരാധനാ കർമ്മത്തെ കേട്ടറിഞ്ഞ മൂന്നുപേർ രാത്രി മുഴുവൻ നിസ്കരിക്കുവാനും പകൽ മുഴുവൻ നോമ്പെടുക്കുവാനും വിവാഹ ജീവിതത്തിലേക്ക്പോലും പ്രവേശിക്കാതെ ആരാധനയിൽ മാത്രം മുഴുകാനും തീരുമാനിച്ചപ്പോൾ ശക്തമായ ഭാഷയിൽ നബി(ﷺ) താക്കീതു ചെയതതും നബി(ﷺ) പഠിപ്പിച്ച ഒരു പ്രാർത്ഥന കേട്ടുപഠിച്ച ബർറാഅ്ബ്നു ആസിബ്(ؓ) അതേറ്റുചൊല്ലിയപ്പോൾ ‘നബിയ്യിക’ എന്ന പദത്തിന്റെ സ്ഥാനത്ത് ‘റസൂലിക’ എന്നായി മാറിയപ്പോൾ നബി(ﷺ) തിരുത്തി കൊടുത്തതും ഒന്നും മറ്റെന്തെങ്കിലും കാരണം കൊണ്ടായിരുന്നില്ല.

ഇങ്ങനെയെല്ലാം കണിശമായി പഠിപ്പിക്കപ്പെട്ടവരാണ് ഈ സമുദായമെങ്കിലും ജൂത–ക്രൈസ്തവ പാതയിലേക്ക് ഈ സമുദായം വഴിമാറിപോകുമെന്നും ചെരുപ്പുകൾ തമ്മിൽ ജോഡി ഒക്കുംപോലെ ഈ സമൂഹം ജൂത ക്രൈസതവരോട് ജോഡി ഒക്കുമെന്നും നബി(ﷺ) പഠിപ്പിച്ചു *(ബുഖാരി)*

നബി(ﷺ)യുടെ രഹസ്യ സൂക്ഷിപ്പുകാരൻ ഹുദൈഫ(ﷺ) ഒരിക്കൽ രണ്ടുകല്ലുകൾ കൂട്ടിപ്പിടിച്ചു കൊണ്ട് കൂടെയുള്ളവരോടായി ചോദിച്ചു. ഈ കല്ലുകൾക്കിടയിലൂടെ നിങ്ങൾ പ്രകാശം കാണുന്നുണ്ടോ? അവർ പറഞ്ഞു. അൽപം മാത്രം. അദ്ദേഹം പറഞ്ഞു. അല്ലാഹുവാണ് സത്യം, ബിദ്അത്തുകൾ വ്യാപകമാകുകതന്നെ ചെയ്യും. ഈ കല്ലുകൾക്കിടയിലൂടെ സൂര്യ പ്രകാശം കാണും പോലെയല്ലാതെ ബിദ്അത്തുകൾക്കിടയിൽനിന്ന് സുന്നത്തുകൾ കാണാത്ത അവസ്ഥയുണ്ടാകും. വല്ല ബിദ്അത്തുകളും ആരെങ്കിലും ഒഴിവാക്കിയാൽ സുന്നത്ത് ഒഴിവാക്കിയെന്ന് അന്ന് ആളുകൾ പറയും *(അൽ-ഇഅ്തിസ്വാം)*

ഈ ഒരു അവസ്ഥയിൽ ഇന്ന് സമൂഹം എത്തി എന്നത് ഒരു നഗ്ന സത്യമാണല്ലോ. എത്തി എന്നതല്ല ഇരുവിഭാഗം സമസ്തകളുംകൂടെ സമൂഹത്തെ എത്തിച്ചു എന്നതാണ് ശരി. സുന്നത്തുകളുടെ സ്ഥാനത്ത് ബിദ്അത്തുകൾ കയറിക്കൂടി എന്നു മാത്രമല്ല, പലപ്പോഴും സുന്നത്തുകളേക്കാൾ സ്ഥാനവും പ്രാധാന്യവും ബിദ്അത്തുകൾക്കായി മാറി. സമസ്താലയം എന്ന ബോഡ് മാറ്റി ബിദ്അത്താലയം എന്ന ബോഡ് സ്ഥാപിച്ചാൽപോലും അത് അധികമാവില്ല എന്നിടത്താണ് ഇന്ന് എത്തി നിൽക്കുന്നത്. റവാതിബ് സുന്നത്തുകളും തഹിയ്യതും തഹജ്ജുദും ളുഹായും എല്ലാം നിർവ്വഹിക്കാത്ത ആളുകൾ പലപ്പോഴും സമൂഹത്തിൽ ആക്ഷേപിക്കപ്പെടുന്നില്ല. എന്നാൽ തറാവീഹ് ഇരുപതിൽ കുറക്കുന്നതും തസ്ബീഹ് നിസ്കാരം നിർവ്വഹിക്കാത്തവരും സ്വലാത്തു റാഗാഇബും സ്വലാതുൽ ഹാജയും ഒക്കെ മാറ്റി വെക്കുന്നതും പുത്തൻ വാദികളായി മുദ്ര കുത്തപ്പെടുന്നു. ഒരു വേള ഫർള് നിസ്കാരം ഉപേക്ഷിക്കുന്നവൻകൂടി ആ രൂപത്തിൽ സമൂഹത്തിൽ ക്രൂശിക്കപ്പെടുന്നില്ല. തിങ്കളാഴ്ചയും വ്യാഴാഴ്ചയും സുന്നത്താക്കപ്പെട്ട നോമ്പുകളും ശവ്വാലിലെ ആറു നോമ്പും മുഹർറം ഒമ്പതും പത്തും അറഫാ നോമ്പും ഒക്കെ നിർവ്വഹിക്കാത്തവൻ നേരിടേണ്ടിവരാത്ത കൂരമ്പുകളാണ് മിഅ്റാജ് നോമ്പും ബറാഅത് നോമ്പും ഒക്കെ ചെയ്യാത്തവന് ഏൽക്കേണ്ടിവരുന്നത്.

എട്ടാം നൂറ്റാണ്ടിൽ മൊറോക്കോയിൽ ജീവിച്ച ഇബ്റാഹീമുനാസി ഉണ്ടാക്കിയ നാരിയ സ്വലാത്തും തൃശൂർകാരൻ സഖാഫിയുണ്ടാക്കിയ കമാലിയ്യ സ്വലാതും ബുസൂരിയുടെ ബുർദയും സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽആരോ കെട്ടിച്ചമച്ചുണ്ടാക്കിയ മൻഖൂസും ഖാളി മുഹമ്മദാണോ, അതോ മറ്റു വല്ലവരുമാണോ ഉണ്ടാക്കിയത് എന്ന് ഇപ്പോഴും തർക്കം നടന്നുകൊണ്ടിരിക്കുന്ന മുഹിയിദ്ദീൻ മാലയും ബാ അലവി ക്രോഡീകരിച്ച ഹദ്ദാദ് റാത്വീബും തമിഴ് നാട്ടുകാരന്റെ സംഭാവനയായ ഖുത്ബിയ്യത്തും മുളഫർ രാജാവിന്റെ വക കിട്ടിയ നബിദിനാഘോഷവു മറ്റും മറ്റും ഒക്കെ ഇസ്ലാമിലെ സുന്നത്തുകളേക്കാൾ പോരിശ കൽപിക്കപ്പെടുന്ന കാര്യങ്ങളായി മാറി. എന്നു മാത്രമല്ല അവയൊക്കെ ശരിയല്ലെന്ന് വാദിക്കുന്നവൻ പുത്തനാശയക്കാരനായി പരിചയപ്പെടുത്തപ്പെടുന്ന അവസ്ഥപോലും ഉണ്ടായി. ഏറ്റവും വലിയ രസം, ഇതൊക്കെ ചെയ്യുന്നവൻപോലും തുറന്ന് സമ്മാനിക്കുന്ന ഒരു യാഥാർത്ഥ്യമാണ് ഇവയൊക്കെ ബിദ്അത്ത് തന്നെ എന്നുള്ളത്. പിന്നെ ആകെയുള്ളൊരു ന്യായം അവയൊക്കെ ബിദ്അത്താണെങ്കിലും നല്ല ബിദ്അത്തുകളാണെന്നുള്ളതാണ്. ഇവിടെയാണ് നമുക്ക് അത്തരക്കാരോട് ചിലത് ചോദിക്കാനുള്ളത്, അതായത് നബി(ﷺ)യുടെ മാതൃകയില്ലാത്ത ഏതെങ്കിലും ഒരു കാര്യം സ്വഹാബികൾചെയ്യുകയും എന്നിട്ട് ഇത് നല്ല ബിദ്അത്ത് എന്ന് ന്യായം പറയുകയും ചെയ്ത ഒരൊറ്റ സ്വഹാബിയുടെ ഒരു മാതൃകയെങ്കിലും ഉദ്ധരിക്കാനാവുമോ ഇവർക്ക്. പുതിയതായി എന്തൊക്കെ വന്നാലും അത് നിസ്കാരമാണെങ്കിലും നോമ്പാണെങ്കിലും ദിക്ർ, ദുആ, സ്വലാത്ത്.... തുടങ്ങി ഏതാണെങ്കിലും അതൊക്കെ നല്ല ബിദ്അത്ത് എന്ന ഗണത്തിൽ പെടുത്തി സായൂജ്യമടയുന്ന നിങ്ങൾക്ക് ഇന്ന് സമൂഹത്തിൽ നടപ്പുള്ള ഏതെങ്കിലും ഒരു ചീത്ത ബിദ്അത്ത് ചൂണ്ടിക്കാണിച്ച്തരാൻ സാധിക്കുമോ ? ഒരുപക്ഷേ, മണിക്കൂറുകൾ ചിന്തിച്ച് തല പുണ്ണാക്കിയാൽ ഏതെങ്കിലും ഒന്നോ രണ്ടോ ഒക്കെ ആ ഗണത്തിൽപെട്ടത് കാണിച്ചുതരാൻ ഏതെങ്കിലും മുസ്‌ലിയാക്കൻമാർക്ക് സാധിച്ചു കൂടായ്കയില്ല. അഥവാ ദുർമാർഗ്ഗമെന്നും നരകത്തിലെന്നും നബി(ﷺ) ആവർത്തിച്ചു വ്യക്തമാക്കിയ ബിദ്അത്തുകൾ നൂറ്റാണ്ട് 14 പിന്നിട്ടിട്ടും ഈ സമൂഹത്തിൽ അധികമൊന്നും ഉണ്ടായിട്ടില്ലെന്നോ ? അഥവാ വളരെ വിരളമായി മാത്രം (സഹസ്രാബ്ദങ്ങൾ പിന്നിടുമ്പോൾ ഒന്നോ രണ്ടോ) ഉണ്ടാകാവുന്ന കാര്യമാണ് ബിദ്അത്തെങ്കിൽ ആ ഒരു കാര്യത്തെ കുറിച്ചാണോ നബി(ﷺ)യും സ്വഹാബത്തുമൊക്കെ ഇത്രയധികം താക്കീതു ചെയ്തത് ? നല്ല ബിദ്അത്ത് എന്ന ലേബൽ ഒട്ടിച്ച് എല്ലാ ബിദ്അത്തുകളേയും സമൂഹത്തിലേക്ക് എഴുന്നള്ളിച്ച്കൊണ്ടുവരുന്നവർ ഈ വക കാര്യങ്ങൾ ഒക്കെ ആലോചിക്കേണ്ടതുണ്ട് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ.